# പുണ്യാഹ വായന

ദത്തോപന്ത് ഠേംഗഡി

*ഭദ്രം ഇച്ഛന്തഋഷയഃ സ്വർവിദഃ*
*തപോ ദീക്ഷാം ഉപസേദുഃ അഗ്രേ*
*തതോ രാഷ്ട്രം ബലം ഓജശ്ച ജാതം*
*തദസ്മൈ ദേവാ ഉപസം നമന്തു*
(അഥർവവേദം 19/41/1)

'രാഷ്ട്രം - സങ്കല്പം' എന്ന വിഷയത്തെക്കുറിച്ച്, പരമ പൂജനീയ ശ്രീ ഗുരുജിയുടെ ചിന്തകളെയാണ് ഇവിടെ സമാഹരിച്ചിട്ടുള്ളത്. വാചം അർഥോƒനുധാവതി. അക്ഷരംപ്രതി ഇതിനെ പിന്തുടരുന്നവർക്കാണ് അതിനുള്ള അവകാശം. അദ്ദേഹത്തിന്റെ ജീവിതസാധനയുടെ അടിസ്ഥാനം തന്നെയാണ് ഇവിടെ ചർച്ച ചെയ്യുന്ന വിഷയം. ഈ സങ്കല്പത്തെ വ്യാഖ്യാനിക്കാനുള്ള പരിശ്രമം ധിക്കാരത്തിന്റെയും അഹങ്കാരത്തിന്റെയും അതിരിനെയാണ് അർത്ഥമാക്കുന്നത്. അതിവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ചിന്തകൾ ഏത് സാഹചര്യത്തിലും പശ്ചാത്തലത്തിലുമാണ് നാം പഠിക്കാൻ പോകുന്നതെന്നറിയേണ്ടത് ആവശ്യമാണ്. അതിനെ സംബന്ധിച്ച ചുരുക്ക വിവരണമാണിത്. ഇതാണ് 'പുണ്യാഹ വായന'.

ഭാരതീയമായ വാക്കുകളെ ഇംഗ്ലീഷിലേക്കോ ഇംഗ്ലീഷ് വാക്കുകളെ ഭാരതീയ ഭാഷകളിലേക്കോ തർജ്ജമ ചെയ്യുന്ന അവസരത്തിൽ പരിഭാഷകർ അറിഞ്ഞുകൊണ്ടോ അശ്രദ്ധകൊണ്ടോ ചില ഗുരുതരമായ തെറ്റുകൾ വരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ ചർച്ചകളിൽ പ്രയോഗിക്കപ്പെടുന്ന ഓരോ വാക്കിന്റെയും നിർമിതി ചരിത്രപരമായ വികാസപശ്ചാത്തലത്തിന്റെ ഫലമായുണ്ടാകുന്നതാണ്. സാധാരണ സംഭാഷണങ്ങളിൽ ഇത്തരം വാക്കുകളുടെ പ്രയോഗം പലപ്പോഴും അലസമായാണ് നടത്താറ്. ഒരു സാധാരണ വ്യക്തി, പൊതുജനങ്ങളോടിടപ്പെടുമ്പോൾ സാധാരണ ഗതിയിൽ നടത്തുന്ന സംഭാഷണത്തിലാണ്, ഇത്തരം അലസപ്രയോഗം നടത്തുന്നതെങ്കിൽ അത് ക്ഷമാർഹമായി കണക്കാക്കപ്പെടാം. എന്നാൽ ശാസ്ത്രത്തെക്കുറിച്ചുള്ള സംവാദങ്ങളിലോ പണ്ഡിതരുടെ സാധാരണ സംഭാഷണത്തിലോ ഉണ്ടാവുന്ന ഇത്തരം അലസപ്രയോഗം പൊറുക്കാവുന്നതല്ല.

യൂറോപ്യന്മാർ ഭാരതത്തിൽ വന്നപ്പോൾ അക്കാലത്ത് യൂറോപ്പിൽ നിലനിന്ന അവസ്ഥയുടെ വെളിച്ചത്തിലും പ്രഭാവത്തിലും അവർ ഹിന്ദുസ്ഥാനെ മനസ്സിലാക്കാൻ പരിശ്രമിച്ചു. ഇത് സ്വാഭാവികവുമായിരുന്നു. യൂറോപ്പിൽ പ്രചലിതമായിരുന്ന വാക്കുകൾ അവരുടെ ചരിത്രപരമായ വികാസക്രമങ്ങളുടെ സംഭാവനയായിരുന്നു. എന്നാൽ ഭാരതത്തിന്റെ ചരിത്രപരമായ വികാസക്രമം യൂറോപ്പിലേതിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു. ഇവിടത്തെ ശബ്ദാവലികൾ ഇവിടത്തെ ചരിത്രപരമായ വികാസങ്ങളുടെ പശ്ചാത്തലത്തിൽ നിന്നും വികസിച്ചുവന്നതാണ്. പുതുതായി വന്ന യൂറോപ്യൻ പ്രവാസികൾക്ക് ഈ പശ്ചാത്തലം വേഗം മനസ്സിലാക്കുക അസാദ്ധ്യമല്ല. മാത്രമല്ല അവർ സാഹസികരായ സഞ്ചാരികളായിരുന്നു, ഭാഷാപണ്ഡിതന്മാരായിരുന്നില്ല. അവരെല്ലാം തങ്ങളുടെ സ്വന്തം മാനസിക പശ്ചാത്തലത്തിൽ നിന്നു കൊണ്ട് ഭാരതീയ സമൂഹത്തെയും ഭാരതീയ സങ്കല്പങ്ങളെയും മനസ്സിലാക്കാൻ പരിശ്രമിച്ചു. ഏതെങ്കിലും ഭാരതീയ സങ്കല്പം ഉപരിവിപ്ലമായി അവരുടെ പരിചിതമായ യൂറോപ്യൻ സങ്കല്പങ്ങളോട് സാദൃശ്യമുള്ളതായി കാണപ്പെടുകയാണെങ്കിൽ സ്വാഭാവികമായി അവർ ധരിച്ചിരുന്നത് ഈ രണ്ടു സങ്കല്പങ്ങളും ഒന്നാണെന്നായിരുന്നു. അതിന്റെ പരിണിതഫലമായി ഭാഷാന്തരണത്തിലും സ്വാഭാവികമായും തെറ്റുകൾ സംഭവിച്ചിരുന്നു. അവർ ഈ തെറ്റുകൾ ആധികാരികതയോടെ ചെയ്തു. പിന്നീട് മെക്കാളെയുടെ തന്ത്രമനുസരിച്ച്, ഭാരതീയരെ വഴിതെറ്റിക്കാനും ആത്മവിസ്മൃതിയിലേക്കും ആത്മദുഃഖത്തിലേക്കും തള്ളിവിടുക എന്ന ഉദ്ദേശത്തോടെയും തെറ്റായ വിവർത്തനങ്ങളും ഈ പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിൽ വന്നു. ഇതെല്ലാം പരിപൂർണമായും ആധികാരികമല്ലാത്തതും ദുഷ്ടലാക്കോടെയുള്ളതുമായിരുന്നു. ഇതിലൂടെ മെക്കാളേ ഇംഗ്ലണ്ടിനോട് അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തിയെ സ്പഷ്ടവും അസന്ദിഗ്ദ്ധവുമായി തെളിയിച്ച വഴി വളരെ ഖ്യാതി നേടിക്കൊടുത്തു.

മെക്കാളെ തന്റെ രാജ്യത്തിന്റെ സാമ്രാജ്യത്താധികാരത്തിന്റെ അടിത്തറ ഭാരതത്തിൽ ശക്തിപ്പെടുത്തുവാൻ ദീർഘദൃഷ്ടിയോടെ തന്റെ തന്ത്രം മെനഞ്ഞു. അദ്ദേഹത്തിന്റെ ഈ ''ദേശഭക്തി'' പ്രേരിതമായ പ്രവർത്തനം അദ്ദേഹത്തിന്റെ രാജ്യത്തിന്റെ ദൃഷ്ടിയിൽ ശ്ലാഘനീയം തന്നെയായിരുന്നു. എന്നാൽ ആശ്ചര്യജനകവും ലജ്ജാകരവുമായ കാര്യം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ നമ്മുടെ ഭാരതീയ പണ്ഡിതന്മാർ മെക്കാളെയുടെ മാനസപുത്രന്മാരായി മാറിക്കൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ, അദ്ദേഹത്താൽ

തെറ്റായി വിവർത്തനം ചെയ്യപ്പെട്ട കാര്യങ്ങൾ, എല്ലാത്തിനെയും അന്ധമായി സ്വീകരിച്ചു. ഉദാഹരണമായി പറഞ്ഞാൽ 'ധർമ്മ'ത്തെക്കുറിച്ചുള്ള സങ്കല്പം. Religion (മതം) എന്ന സങ്കല്പവുമായി ഇതിന് യാതൊരു ചേർച്ചയില്ലായിരുന്നുവെങ്കിലും, ഇത് മനസ്സിലാക്കാനുള്ള ബൗദ്ധികക്ഷമത ആ പണ്ഡിതന്മാർക്കുണ്ടായിരുന്നിട്ടു കൂടി അവർ ധർമ്മം എന്ന വാക്കിന്റെ അർത്ഥം Religion എന്നും റിലീജിയൻ (Religion) 'ധർമ്മം' ആണെന്നും അംഗീകരിച്ചു. ഈയൊറ്റ കാരണം കൊണ്ടുതന്നെ എത്ര തെറ്റിദ്ധാരണകൾ നമ്മുടെ നാട്ടിൽ എങ്ങനെയൊക്കെ പരന്നുവെന്ന് നമുക്കറിയാം. മറ്റനേകം വാക്കുകളെക്കുറിച്ചും ഇങ്ങനെയുണ്ടായിട്ടുണ്ട്. 'രാഷ്ട്രം' 'നേഷൻ' (Nation), ഈ വിഷയത്തിലും ഇതുതന്നെയാണവസ്ഥ. ഈ പശ്ചാത്തലം കാരണം ഈയിടെ എവിടെ ശാസ്ത്രീയ ചർച്ചകൾ നടന്നാലും തുടക്കത്തിൽ തന്നെ താഴെ കൊടുക്കുന്ന മൂന്ന് ഉദ്ധരണികളും ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു.

***'The letter Killeth' - യേശുക്രിസ്തു***
***ഏകഃശബ്ദഃ സമ്യക് ജ്ഞാതഃ സം പ്രയുകതഃ***
***ലോകേ സ്വർഗ്ഗേ ച***
***കാമധുക് ഭവതി (പതഞ്ജലി)***
***If you want to talk with me, define your terms - വോൾടയർ***

സാമാന്യ ജനമനസ്സിന്റെ ഇതുവരെയുള്ള പരിശീലനം ശ്രദ്ധയിൽ വച്ചുകൊണ്ട്, ഈ പ്രസ്താവനയിലും നിരവധി സ്ഥലത്ത് 'രാഷ്ട്രം', നേഷൻ ഇവയെ പര്യായവാക്കുകളാലോ, സമാനാർത്ഥമായ വാക്കുകളായോ അശാസ്ത്രീയമാണെങ്കിൽ കൂടി പ്രയോഗവൽക്കരിക്കുന്നതിലുള്ള ബോധപൂർവ പരിശ്രമം നടന്നിരിക്കുന്നു. ശാസ്ത്രീയ ശബ്ദങ്ങളെ ഇത്തരത്തിൽ തെറ്റായി പ്രയോഗിക്കുക ഒരുവഴി പക്ഷെ സാധാരണ ജനത്തിന് മനസ്സിലാക്കാനുള്ള കഴിവിനെയും അശാസ്ത്രീയതയോട് അനുരഞ്ജനപ്പെടും. പലപ്പോഴും ഇത് നിർബന്ധപൂർവം ചെയ്യേണ്ടിവരുന്നു.

നമ്മുടെ രാജ്യത്ത് ആയിരക്കണക്കിന് ജാതികളുണ്ട്. ഇന്ന് അതിൽ ഒരു പുതിയ ജാതികൂടി വളർന്നു വന്നിരിക്കുന്നു. ഈ പുതിയ ജീതി ബുദ്ധിജീവികളുടെയാണ്. ഇവർ കരുതിയിരിക്കുന്നത് രാജ്യത്തുള്ള സകല ബൗദ്ധിക കാര്യങ്ങളുടെയും ഉടമസ്ഥാവകാശം ഇവരുടെ ജാതിക്കാണെന്നാണ്. ഈ ജാതിക്കു പുറത്ത് പാണ്ഡിത്യത്തിന് ക്ഷാമം പിടിപ്പെട്ടിരിക്കുന്നുവെന്നുമാണ് ഇവർ കരുതുന്നത്.

ഈ ആളുകളിൽ ചിലർ വളരെ ആധികാരികതയുള്ളവരാണ്. അവർ സത്യത്തെ അന്വേഷിച്ചു കണ്ടെത്തുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അന്വേഷണത്തിൽ തെളിഞ്ഞ പുതിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചില ധാരണകളെ ത്യജിക്കുന്നതിലും പുതിയ ധാരണകളെ ഉൾക്കൊള്ളുന്നതിലും സങ്കോചപ്പെടുന്നില്ല. എന്തെന്നാൽ അവർ സത്യത്തെ ആരാധിക്കുന്നു. ഇക്കാരണത്താൽ മുൻഗ്രഹത്തിന്റെ അശുഭദൃഷ്ടിയിൽ നിന്നും അവർ മോചിതരാകുന്നു. എന്നാൽ ഇത്തരം ആധികാരിക ചിന്തകൾക്ക് അധികം പ്രസിദ്ധി ലഭിക്കുന്നില്ല. ഇതിനു കാരണം, ആരുടെ നിയന്ത്രണത്തിലാണോ പ്രചാരമാധ്യമങ്ങൾ, അവരുടെ സ്വാർത്ഥതയുമായി ഐക്യപ്പെട്ട്, പ്രസിദ്ധി നേടുവാനായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള കൗശലം ആധികാരികതയുള്ള ഈ ചിന്തകർക്ക് ഇല്ല എന്നുള്ളതാണ്.

ബുദ്ധിജീവികളുടെ ഈ നൂതന ജാതിയിൽപ്പെട്ട അധികമാളുകളും കൗശലക്കാരാണ്. യഥാർത്ഥ സത്യത്തിലല്ല അവരുടെ താൽപര്യം. പ്രചാരമാധ്യമങ്ങളുടെ ഉടമസ്ഥരുടെ സ്വാർത്ഥ താൽപര്യങ്ങളോട് ചേർന്നു നിന്ന് അഭിപ്രായ പ്രകടനങ്ങൾ നടത്തുക വഴി തങ്ങളുടെ സ്വാർത്ഥ കാര്യങ്ങളും നേടാമെന്ന് കൗശലക്കാരായ അവർ മുന്നേതന്നെ തിരിച്ചറിയുന്നു. ഇത്തരത്തിലുള്ള കപടബുദ്ധിജീവികൾ റൊട്ടിയുടെ ഏതു ഭാഗത്താണ് വെണ്ണ പുരട്ടി വച്ചിരിക്കുന്നതെന്ന് ശരിയായി അറിയുന്നതിനാൽ അതനുസരിച്ചുള്ള അഭിപ്രായങ്ങൾ അവർ പ്രകടിപ്പിക്കുന്നു. ഇത്തരത്തിൽ ലഭ്യമായി വസ്തുതകളുടെ ക്രമീകരണം എങ്ങനെ നിർവഹിക്കണമെന്നതും അതിലൂടെ നിശ്ചിതമായ ചില നിഗമനങ്ങൾ എങ്ങനെ എടുക്കാൻ കഴിയും എന്നതു മാത്രമാണ് ഇപ്പോൾ ചിന്തിക്കോണ്ടതായ കാര്യം. ഈ കലയിൽ ഇത്തരത്തിലുള്ള 'ബുദ്ധിജീവിവർഗം' നല്ല നിപുണരാണ്. കാരണം ഈ കല തന്നെയാണ് അവരുടെ തൊഴിലും, ഉപജീവനമാർഗവും പേരിനും പ്രശസ്തിക്കും ഉള്ള അടിസ്ഥാനവും. ഇത്തരത്തിലുള്ള സൈദ്ധാന്തിക പ്രവർത്തനങ്ങൾക്ക് ഇംഗ്ലീഷിൽ Hypothetical (ഹയ്പ്തെറ്റിക്കൽ - സാങ്കല്പികമായ) എന്ന വാക്കാണ് നല്കിയിരിക്കുന്നത്.

പെരുമാറ്റത്തിൽ കൗശലക്കാരായ ആളുകളെക്കുറിച്ചാണ് ഇപ്രകാരം പറയപ്പെടുന്നത്:- ''അർഥാതുരാണാം ന പിതാ ന ബന്ധു:'' മേൽ പറയപ്പെട്ട ആധികാരിക ചിന്തകരല്ലാത്ത ഗണത്തിലാണുപെടുക.

ഈ സമാഹരണം ഇത്തരത്തിലുള്ള ചിന്തകന്മാർക്ക് വേണ്ടിയുള്ളതല്ല. സ്വകേന്ദ്രീകൃതരായതിനാൽ അവരുടെ അവസ്ഥ **''ബ്രഹ്മ അപി നരം ന രാജ്യതി''** എന്ന പോലെയാണ്. അവരോട് പത്രാധിപർ ''താൻ **പ്രതിനൈഷ യത്നഃ''** എന്ന രീതിയായിരിക്കണം. ഞങ്ങളുടെ വ്യക്തിഗത സൗകര്യങ്ങൾക്ക് പ്രഥമ സ്ഥാനം നൽകുന്ന ഈ ബൗദ്ധിക കരാറുകാർ സത്യത്തെ സമയത്തിന്റെ സേവകനാക്കാൻ ആഗ്രഹിക്കുന്നു; പക്ഷെ ഈ സമാഹരണത്തിന്റെ പത്രാധിപരെപ്പോലുള്ളവരുടെ ചിന്ത ''സമയം സത്യത്തിന്റെ സേവകനായിരിക്കണം'' എന്നതാണ്.

ഇത്തരത്തിലുള്ള ഏതാനും ചില മഹാനുഭവന്മാരെ ഒഴിച്ചു നിർത്തിയാൽ ''രാഷ്ട്ര - സങ്കല്പം'' എന്ന വിഷയം മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മറ്റെല്ലാ ജിജ്ഞാസുക്കൾക്കും ഈ സമാഹരണം മൂലം പ്രയോജനം ലഭിക്കുക തന്നെ ചെയ്യും. അവർ ഈ ഗ്രന്ഥത്തെ മുൻധാരണയില്ലാത്ത മനസ്സോടെ വായിക്കുകയും, സ്വബുദ്ധി ഉപയോഗിച്ച് ചിന്തിക്കുകയും, ഈ വിഷയത്തിൽ തങ്ങളുടെ തീരുമാനങ്ങൾ ഉരുത്തിരിച്ചെടുക്കുകയും ചെയ്യണമെന്ന, ആരോഗ്യകരമായ ഒരു സമ്പ്രദായമാണ് ഇതിന്റെ പത്രാധിപരും സമാഹരണകർത്താക്കളും ഉദ്ദേശിക്കുന്നത്.

''രാഷ്ട്ര - സങ്കല്പം'' എന്ന വിഷയത്തെക്കുറിച്ചുള്ള സത്യാന്വേഷണ പ്രക്രിയയിൽ ഈ ഗ്രന്ഥം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഗ്രന്ഥം പഠിക്കുകയും മനനം ചെയ്യുകയും സത്യാന്വേഷണത്തിൽ തന്റെ ബുദ്ധി ഉപയോഗിച്ച് തീരുമാനത്തിലെത്തുകയും ചെയ്യേണ്ട ജോലി ഓരോ ജിജ്ഞാസുവും സ്വയം നിർവഹിക്കേണ്ടതുണ്ട്. പുരോഗതിയുടെ പേരു പറഞ്ഞ് പാശ്ചാത്യചിന്തകരുടെ അനുമാനങ്ങളെ അങ്ങനെതന്നെ സ്വീകരിക്കുക എന്നത് മെക്കാളെയുടെ മാനസപുത്രന്മാരുടെ പ്രവൃത്തിയാണ്. ഇത് **''ബാബവാക്യം പ്രമാണം''** എന്ന പ്രവൃത്തി ശ്രീ ഗുരുജിക്ക് സ്വീകാര്യമായിരുന്നില്ല; ആ 'ബാബ' (സ്വാമി) പാശ്ചാത്യനോ പൗരസ്ത്യനോ ആയിരുന്നാലും ശരി, ശ്രീ ഗുരുജി സ്വതന്ത്രബുദ്ധി പക്ഷക്കാരനായിരുന്നു. 30.10.1972 ൽ ഠാണേ വർഗിൽ തന്റെ പ്രസംഗം ആരംഭിച്ചപ്പോൾ ശ്രീ ഗുരുജി പറഞ്ഞു. ''ഞാൻ പറയുന്ന കാര്യങ്ങൾ നിങ്ങൾ അംഗീകരിക്കണമെന്നില്ല. എന്റെ ചിന്തകളാണ് എന്നുള്ളതുകൊണ്ട് ഇതിനെ അംഗീകരിക്കേണ്ട കാര്യമില്ല. ഞാൻ പറയുന്നവയെക്കുറിച്ച് നിങ്ങൾ വിശ്വസിക്കേണ്ട ആവശ്യവുമില്ല. നിങ്ങൾ സ്വതന്ത്രമായി ചിന്തിക്കണം. ഞാൻ പറയുന്നതിനെതിരെ എങ്ങനെ ചിന്തിക്കും എന്ന് സങ്കോചവും മനസ്സിൽ വയ്ക്കേണ്ട കാര്യമില്ല. തന്റെ ''ധ്യേയദർശൻ'' എന്ന പ്രസംഗത്തിൽ ശ്രീ ഗുരുജി പറയുന്നു, ''... എന്ന് ഡാർവിൻ, എന്ന് ഹക്സ്‌സൂലേ, എന്ന് മാർക്സ്, എന്ന് ശങ്കരാചാര്യർ, എന്ന് ശ്രുതി ഇത്തരത്തിലൊക്കെ പറയുന്നത് എന്റെ കാഴ്ചപ്പാടിൽ ശരിയല്ല. ജീവിതത്തിൽ ജാഗ്രതമായ സതയത്തെക്കുറിച്ചുള്ള എന്റെ പ്രത്യക്ഷാനുഭവത്തെ ഞാൻ വിശ്വസിക്കുന്നു.'' **''ആത്മ ദീപോഭവ''** എന്നതായിരുന്നു ഭഗവാൻ ബുദ്ധന്റെ അന്തിമസന്ദേശം. മേൽ പറയപ്പെട്ട അഭിപ്രായം തന്നെയായിരുന്നു ഗുരുജിയുടെയും. ''രാഷ്ട്ര - സങ്കല്പം'' എന്ന വിഷയത്തിലെ എല്ലാ ജിജ്ഞാസുക്കളിൽ നിന്നും ശ്രീ ഗുരുജി പ്രതീക്ഷിച്ചിരുന്നതും ഇതായിരുന്നു.

**നേഷനും നേഷണലിസവും (ദേശവും ദേശീയതയും)**

നേഷൻ അഥവാ നേഷണലിസം എന്ന വിഷയം കടന്നുവരുമ്പോഴൊക്കെ സർവരുടെയും ദൃഷ്ടി ഐക്യരാഷ്ട്രസഭയുടെ (United Nations Organisation) നേർക്ക് തിരിയുന്നു. നേഷൻ എന്നതിനെക്കുറിച്ചുള്ള ഈ സംഘടന മുന്നോട്ടുവച്ച സങ്കല്പം ശാസ്ത്രശുദ്ധമോ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ളതാണോ എന്നൊന്നും ചിന്തിക്കാൻ ആരെങ്കിലും മെനക്കെടുന്നുണ്ടോ? ഐക്യരാഷ്ട്രസഭയുടെ കാര്യങ്ങൾ നടപ്പാക്കാനുള്ള ക്ഷമതയെക്കുറിച്ച് എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ ലോകത്തെ മുഴുവൻ സംരക്ഷിക്കുമെന്ന് അവകാശപ്പെടുന്ന ഈ സംഘടനയ്ക്ക് നേഷൻ, എന്ന വാക്കിന്റെ പരിഭാഷ ശരിയായ രീതിയിൽ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്? ഇത് ചിന്തിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

ലീഗ് ഓഫ് നേഷൻസ് രാജ്യം (State) രാഷ്ട്രം (Nation) ഇവയെ പര്യായപദങ്ങളായാണ് കണക്കാക്കിയിരിക്കുന്നത്. ഈ അബദ്ധത്തിന്റെ ദുഷ്പരിണാമങ്ങളെക്കുറിച്ച് ഭാരതീയ ചിന്തകർ ആ സമയത്തു തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. പ്രസിഡന്റ് വിൽസൺ തങ്ങളുടെ പല സുഹൃത്ഭരണകൂടങ്ങളുടെയും വാക്കുകൾ മാനിക്കുന്നതു മൂലം വന്നു ഭവിച്ച തെറ്റുകളിൽ മുഖ്യമായ തെറ്റിതായിരുന്നു. അതിന്റെ പരിണാമമെന്നോണം ''ന്യൂനപക്ഷങ്ങളു'' വിഷയം ഉയർന്നുവന്നു. അതിന്റെ പരിണിതഫലമായി രണ്ടാം ലോകമഹായുദ്ധത്തിലും സംഭവിച്ചു. ഇന്നത്തെ U.N.O ഇത്തരത്തിലുള്ള തെറ്റുകളിൽ നിന്നും വിമുക്തമാണോ? അഥവാ അവരുടെ തങ്ങളുടെ അംഗത്വം നൽകുമ്പോൾ ലീഗ് ഓഫ് നേഷൻസ് രാജ്യം (State) രാഷ്ട്രം (Nation) ഇവയെ പര്യായപദങ്ങളായാണോ കരുതുന്നത്. ഈ അടുത്ത കാലത്തുയർന്നുവന്ന

കുർദുകളുടെ വിഷയവും ഈ ദൃഷ്ടിയിൽ ചിന്തനീയമാണ്. ഇറാൻ, ഇറാഖ്, സിറിയ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽ താമസിച്ചുവരുന്ന കുർദുകളുടെ ജനസംഖ്യ ഏകദേശം രണ്ട് കോടിയോളം വരും. ഇന്ന് അവർ പല രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. സൈദ്ധാന്തികമായ ഇവരുടെ പ്രത്യേക രാഷ്ട്രം-രാജ്യം (Nation-State) ഉണ്ടാകണമായിരുന്നു. അവരുടെ ഇന്നത്തെ അവസ്ഥ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ചെക്കോസ്ലോവാക്യയെ ഓർമപ്പെടുത്തുന്നു.

ലീഗ് ഓഫ് നേഷൻസിന്റെ ദൃഷ്ടിയിൽ യഹൂദിർക്ക് രാഷ്ട്രം ''നേഷൻ'' എന്ന നിലയിൽ ഒരു അസ്തിത്വമില്ലാത്തവരായിരുന്നു. കാരണം അവർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നു. 'നേഷൻ-രാഷ്ട്ര സങ്കല്പ'ത്തിൽ ഭൂമി ഒരു അവിഭാജ്യ ഘടകമായി കണക്കാക്കപ്പെടുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം യഹൂദർ തങ്ങളുടെ ഭൂമി വീണ്ടെടുത്ത് അതിശക്തമായ തങ്ങളുടെ നേഷൻ (രാഷ്ട്രം) സ്ഥാപിച്ചു. തങ്ങളുടെ അധീനതയിലില്ലാതിരുന്നിട്ടും നൂറു കണക്കിനു വർഷങ്ങളായി നാടുകടത്തപ്പെട്ട യഹൂദർക്ക് ഒരേയൊരു ഭൂമി തന്നെയായിരുന്നു അവരുടെ ശ്രദ്ധാകേന്ദ്രമായിരുന്നത്. അതും അവരുടെ കൈവശം ഇല്ലാതിരുന്നത് ഒരപവാദമാണ്. പ്രത്യേക വിഷയവുമാണ്. എന്നിട്ടും ലീഗ് ഓഫ് നേഷൻസിന് ഈ വിഷയത്തിൽ ശരിയായ കാഴ്ചപ്പാട് സ്വീകരിക്കാൻ കഴിഞ്ഞില്ല.

**ഘടകം**

നമ്മുടെ പുരോഗമനക്കാരായ സ്വയം പ്രഖ്യാപിത ബൗദ്ധിക ദല്ലാളന്മാർ ഹിന്ദുത്വത്തെ പിന്തുണയ്ക്കുന്നവരെല്ലാം യാഥാസ്ഥികരാണെന്നു പ്രചരിപ്പിച്ചു. അവരുടെ ചിന്താഗതി 16-ാം നൂറ്റാണ്ടിലേതാണ്. ആധുനികയുഗത്തെക്കുറിച്ച് അവർക്ക് യാതൊന്നും തന്നെ അറിയില്ല. കൂപമണ്ഡൂകങ്ങളെപ്പോലെ പ്രവൃത്തിക്കുന്നതിനാൽ വളരെ പുരോഗമിച്ച പാശ്ചാത്യരാജ്യങ്ങളിൽ നിന്ന് യാതൊന്നും പഠിക്കുവാനാഗ്രഹിക്കുകയോ, അതിനുള്ള കഴിവോ ഇവർക്കില്ല. ഇതേപോലെ 'Holier than thou Attitude' ഞാനാണ് നിന്നെക്കാൾ ശ്രേഷ്ഠൻ എന്ന് കാണിക്കാനുള്ള അഭിവാഞ്ഛമൂലം പ്രത്യേക പരിശ്രമമൊന്നുമില്ലാതെ അവരുടെ അഹങ്കാരത്തിന് അവർ സംതൃപ്തരാകുന്നു. സ്വാർത്ഥമതികളായ നിഷിപ്ത താല്പര്യം പുലർത്തുന്ന രാഷ്ട്രീയനേതാക്കളുടെ സംരക്ഷണവും അവർക്ക് ലഭിക്കുന്നു. സമൂഹം പുരോഗമനപരമാകുന്നതിന്റെ അഹന്തയും ഇതിനെ പരിപൂർണമാക്കുന്നു. മാത്രമല്ല ഇവയെല്ലാം വളരെ നിഷ്പ്രയാസം ഫലപ്രാപ്തിയിൽ എത്തുകയും ചെയ്യുന്നു. എന്തെന്നാൽ പിന്തിരിപ്പനും യാഥാസ്ഥിതികനുമാകുവാൻ ഹിന്ദുത്വത്തെ പിന്തുണയ്ക്കുന്നവർക്ക് ത്യാഗം, തപസ്, ബലിദാനം എന്നിവ നിരന്തരം നടത്തേണ്ടിവരുമ്പോൾ അവർക്ക് ഇങ്ങനെ ചെയ്യേണ്ട ആവശ്യം വരുന്നില്ല. വളരെ കൗശലത്തോടെ പ്രചാര മാധ്യമങ്ങളോട് (Media) ബന്ധപ്പെട്ടു നിന്നാൽ മാത്രം മതി.

എന്നാൽ ഈ പ്രചരണം തെറ്റിദ്ധാരണയും വികൃതിയും മൂലമാണ്. പുരോഗമനക്കാരുടെ **''സാഹബ് വാക്യം (Yes sir)''** അന്ധമായ ആദരവും അനഭിലക്ഷണീയവുമാണ്. പാശ്ചാത്യരിൽ നിന്നും പഠിക്കാൻ പോന്നതൊന്നും തന്നെയില്ല എന്ന മുൻധാരണയും അനഭിലഷണീയം തന്നെ. ഹിന്ദുക്കളുടെ പ്രവൃത്തി **''ബാലാപി സുഭാഷിതം ഗ്രാഹ്യം''** എന്നതാണ്. എല്ലാം പഠികകുകയും അതിൽ നിന്ന് ''നീര-ക്ഷീര വിവേക''ത്തോടെ കൊള്ളേണ്ടതിനെ കൊള്ളുകയും തള്ളേണ്ടതിനെ തള്ളുകയും ചെയ്യുക. അറിവിന്റെയോ, തന്ത്രജ്ഞതയുടെയോ, തത്ത്വജ്ഞാനത്തിന്റെയോ, ദർശനങ്ങളുടെയോ അല്ലെങ്കിൽ കലകളുടെയോ, ഏതു തന്നെ മേഖലയായാലും എല്ലാ വിജ്ഞാന ശാഖകൾക്കും ഇത് പ്രായോഗികമാണ്.

നീര-ക്ഷീര വിവേകത്തിന്റെ ഉദാഹരണമായി ഒരു ആധുനിക ശാസ്ത്രത്തിന്റെ തന്നെ കാര്യമെടുക്കാം. സാമൂഹ്യശാസ്ത്രം ഇന്ന് ഏറെ വികസിച്ചിരിക്കുന്നു. പക്ഷെ എടുത്തു പറയേണ്ട കാര്യം നമ്മുടെ സാമൂഹ്യപ്രശ്നങ്ങളെ പരിഹരിക്കാൻ പാശ്ചാത്യർ പ്രായോഗികമായി അവലംബിച്ചത് ഏത് ഉപായങ്ങളെയും പദ്ധതികളെയുമാണോ അവയുടെ ഗുണദോഷവിചാരം, ചില അപവാദങ്ങളെ മാറ്റി നിർത്തിയാൽ, സാധാരണ ഗതിയിൽ അവരുടെ സാമൂഹ്യശാസ്ത്ര ഗ്രന്ഥങ്ങളിലൊന്നും തന്നെ ലഭ്യമല്ല. അവരുടെ ചരിത്രത്തിന്റെ തത്ത്വശാസ്ത്രം (Philosophy of History) ഗ്രന്ഥവും അതേപോലെ സാമ്പത്തിക വിശകലന ഗ്രന്ഥവും നമുക്ക് സഹായകമാണ്. ഉദാഹരണമായി ദർശന ചരിത്രത്തിന്റെ തത്ത്വശാസ്ത്രചരിത്രം സംബന്ധിച്ച ചരിത്രം (History of Philosophy of History) അല്ലെങ്കിൽ ചരിത്രത്തെ സംബന്ധിച്ച സാമ്പത്തിക വ്യാഖ്യാനവും (Economic Interpretation of History).

യൂറോപ്പിന്റെ സാമൂഹികാവസ്ഥയിൽ പരിവർത്തന ചരിത്രം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ അതിനെ പ്രായോഗിക സാമൂഹ്യശാസ്ത്രം (Applied Sociology) എന്ന് പറയേണ്ടിവരും. അവരുടെ ഗ്രന്ഥ സംബന്ധിയായ സാമൂഹ്യശാസ്ത്രം നമുക്ക് പ്രയോജനമില്ല. കാരണം അതിൽ സമകാലികമായ സാമൂഹ്യ

പ്രശ്നങ്ങളെ എങ്ങനെ പരിഹാരമാക്കിയെന്ന് വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. വൈവിധ്യങ്ങളിലും ഏകത എങ്ങനെ നിർമിക്കും എന്നതിന് ഉത്തരം നൽകുന്ന സാഹിത്യം യൂറോപ്യൻ സാമൂഹ്യശാസ്ത്രത്തിലില്ല, എനനാൽ സമൂഹത്തിന്റെ ഏകാത്മീകരണം എന്ന വിഷയത്തിൽ അവരുടെ പ്രായോഗിക ചരിത്രശാസ്ത്രം വളരെ ഉപയോഗപ്രദമാണ്. ഇംഗ്ലീഷ്, വേൽസ്, സ്കോച്ച്, ഐറിഷ് എന്നീ സമൂഹങ്ങൾ വ്യത്യസ്തമുള്ളതാണ്. ബെൽജിയത്തിൽ ഫ്ളെമിഷും വാലൂണും തമ്മിൽ വ്യത്യാസമുണ്ട്. സ്പെയിനിലും പൂർവ യൂറോപ്പിലും ഇത്തരത്തിൽ സമൂഹങ്ങൾ തമ്മിൽ വ്യത്യസ്തത നിലനിൽക്കുന്നു.

പ്രായോഗിക സാമൂഹ്യശാസ്ത്രം എന്നാലെന്താണ്? റോമാരാജ്യത്തിന്റെ പ്രാരംഭഘട്ടത്തിൽ അവിടെ സ്ത്രീകളുടെ സംഖ്യ കുറവായിരുന്നു. അതിനാൽ അന്യജാതിയിൽപ്പെട്ട സ്ത്രീകളെ എങ്ങനെയെങ്കിലും സ്വീകരിക്കേണ്ടത് അവരെ സംബന്ധിച്ച് ഒഴിച്ചുകൂടാനാകാത്തതായിരുന്നു. ഇതിന്റെ ഫലമായി അവരുടെ ചരിത്രത്തിൽ തൊഴിൽ സംബന്ധമായ തുടർപ്രക്രിയരീതി അവിടെ കാണാം റോമാക്കാരല്ലാത്തവർക്ക് റോമാക്കാരുടെ അധികാരം നൽകി അവരെ തങ്ങളുടെ സമൂഹത്തിൽ പ്രവേശിപ്പിക്കുക.

വിജേതാവായ വില്യം, നോർമടിയിലെ ഡ്യൂക്ക് രാജകുമാരന്റെ ദാസീപുത്രനായിരുന്നു. നോർമടിയിലെ സമൂഹത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം താഴ്ന്ന ജാതിയിലാണെന്ന് കണക്കാക്കപ്പെടുന്നു. ഇംഗ്ലണ്ടിനെ വിജയിച്ച ശേഷം അദ്ദേഹം സൈനികരുടെയും സർദാർമാരുടെയും വിവാഹം അവിടത്തെ സ്ഥാനീയവിഭാഗക്കാരുമായും അതേപോലെ ബ്രിട്ടനിലെ ജമീന്ദാർമാരുടെ ജാതി വിഭാഗത്തിലുള്ളവരുമായും നടത്തി.

15–16 നൂറ്റാണ്ടിലാണ് ഇറ്റലിയിൽ ഔദ്യോഗികജാതികൾ സൃഷ്ടിക്കപ്പെട്ടത്. അക്കാലത്ത് ആരെയെങ്കിലും ശില്പകല പഠിപ്പിക്കുന്ന സമയത്ത് ആ വ്യക്തി ആ ജോലി ചെയ്യുന്ന സ്ത്രീയിൽ ജനിച്ചതാണോ അല്ലയോ എന്ന് നോക്കിയിരുന്നു.

കാർഡിനൽ റിഷല്യൂ പുത്തൻ കൃഷി ജ്ഞാനമുള്ളവരെയും വിവിധ ശില്പികളെയും ഹോളണ്ടിൽ നിന്നും തങ്ങളുടെ ഫ്രാൻസിൽ കൊണ്ടുവന്നു. അവരെ അന്നാട്ടുകാരുമായി വിവാഹം കഴിപ്പിച്ച് ഫ്രഞ്ചുകാരാക്കി.

പോർച്ചുഗീസുകാരുടെ പക്കലുണ്ടായിരുന്ന ദക്ഷിണാഫ്രിക്കയുടെ പ്രദേശത്തെ പോർച്ചുഗീസ് വൽക്കരിക്കാനായി അവരവിടെ കത്തോലിക്കാ സമ്പ്രദായം പ്രചരിപ്പിച്ചു. അവിടത്തെ സിദ്ധിപുരുഷന്മാരെക്കൊണ്ട് പോർച്ചുഗീസ് സ്ത്രീകളെ വിവാഹം കഴിപ്പിച്ചു. സിദ്ധികളെ പോർച്ചുഗീസ് സ്ത്രീകൾ വിവാഹം കഴിക്കണം എന്ന ഒരു നിബന്ധന വച്ചു. അങ്ങനെ അങ്ങോട്ടയച്ച ഒരു ലക്ഷം വരുന്ന പോർച്ചുഗീസ് വനിതകൾക്കും അവിടെ ഭൂമി നൽകി.

ഗോവയിൽ ഹിന്ദുക്കളിൽ നിന്നും ക്രിസ്ത്യാനികളായവർ ജാതീയത ആചരിക്കുന്നു. അതുകൊണ്ട് അവിടെ ജാതിവ്യത്യാസം അംഗീകരിക്കുന്ന തരത്തിൽ അടിയന്തരനിയമം (ഓർഡിനൻസ്) കൊണ്ടുവരാൻ പോപ്പ് നിർബന്ധിതനായി.

ഒന്നും തന്നെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല എന്നതാണ്. ആധുനികം അതായത് പടിഞ്ഞാറൻ അളവുകോലിന്റെ ഉരകല്ലിൽ ഉരച്ച് ഹിന്ദുക്കളുടെ ദേശീയത തെളിയിച്ചു കാണിക്കാൻ വെല്ലുവിളിക്കുന്നവരുടെ പക്കലുള്ള സുരക്ഷിത കവചത്തിൽ നിന്നും മനസ്സിലാകുന്നത് ആധുനിക പടിഞ്ഞാറിന്റെ പക്കൽ ''നേഷൻ'', ''നേഷണലിസം'', ''നേഷൻഹുഡ്'' തുടങ്ങിയവയ്ക്ക് സ്പഷ്ടവും സുനിശ്ചിതവുമായ സങ്കല്പമോ, സർവരാലും സ്വീകാര്യമായ സ്വരൂപമോ, എല്ലാവരാലും അംഗീകരിക്കപ്പെട്ട ഭാഗമോ, സർവരാലും അംഗീകരിക്കപ്പെട്ട ഒരു കാഴ്ചപ്പാടോ ഒക്കെയുണ്ടെങ്കിലും ഇവയെല്ലാം അതേപോലെ ഇവിടെ കൊണ്ടുവന്ന് അവരുടെ ഉരകല്ലിൽ ഹിന്ദുരാഷ്ട്ര സങ്കല്പത്തെ കണ്ടെത്താൻ പരിശ്രമിക്കുന്നതാണ്. അതിന്റെ ന്യൂനത എല്ലാറ്റിനെയും പരീക്ഷിച്ചറിയുമെന്ന് അവകാശവാദമുന്നയിക്കുന്ന ഇത്തരം സ്വയം പ്രഖ്യാപിത ബൗദ്ധിക ദല്ലാളുമാർക്ക് സ്വയം ഈ വിഷയത്തിൽ പാശ്ചാത്യ ഭൂമികയെ സംബന്ധിച്ച അറിവില്ലായ്മയോ അല്ലെങ്കിൽ അറിവുണ്ടെങ്കിൽ തന്നെ മനഃപൂർവം ജനങ്ങളെ വഴിതെറ്റിക്കുകയോ ആണ് ചെയ്യുന്നത്.

**ദേശീയത എത്ര രൂപം?**

ഏതെങ്കിലും കാലഘട്ടത്തിൽ ഏതെങ്കിലും ഭൂ-ഭാഗത്ത് പ്രചരിക്കുന്ന ആദരം, സാമൂഹിക അസ്മിതയിൽ അതിന്റെ സ്ഥായിയായ പരിണാമമുണ്ടാകുന്നു. അതിന്റെ സ്വരൂപം നാഷണലിസമാണ്. ഫ്രഞ്ച് വിപ്ലവത്തിന്റെ തത്വത്രയങ്ങൾ ആദ്യം ''നേഷൻ ഹുഡ്സി''നെ പ്രഭാവമുള്ളതാക്കി. ആ സമയത്ത് നേഷണലിസത്തിന്റെ സവരൂപം ജനാധിപത്യവും, ഉദാരവുമാണെന്ന് അംഗീകരിക്കപ്പെട്ടു. ബ്രിട്ടണിലെ നാഷണലിസത്തിന്റ പരിണാമം സാമ്രാജ്യവാദമായി. അതിന്റെ പ്രതിനിധികൾ റൂഡ്യാർഡ് കിപ്ലിംഗ്, ജെയ എ. ക്രാമ്പ്

സർ ജോൺ റോബർട്ട് ഡീലി, കഴ്സൻ, ചർച്ചിൽ തുടങ്ങിയവരായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് "Blood and soil" സിദ്ധാന്തത്തെ അടിസ്ഥാനമാക്കി, വിസ്മാർക്ക് ഹിറ്റ്ലറാൽ പ്രഭാവിതരായി "സ്വയ മേവ" അസ്തിത്വവാദികളായി, തീവ്രനാഷണലിസത്തിന്റെ വികാസം ജർമ്മനിയിലുണ്ടായി. അതിന്റെ ഫലമെന്നോണം രവീന്ദ്രനാഥ ടാഗോറിനെപ്പോലുള്ള മഹാപുരുഷന്മാർ പോലും നാഷണലിസത്തിന്റെ ഉപയോഗിത്വ വിഷയത്തെ സംശയദൃഷ്ടിയോടെ കണ്ടിരുന്നു.

**സംസ്കൃതി**

ലോകത്ത് അനവധിമതങ്ങളുണ്ട് (Religions). ഓരോ മതത്തിലെയും അനുയായികൾക്ക് തങ്ങളുടെ മതം സ്വന്തം അമ്മയെപ്പോലെ തന്നെ സർവശ്രേഷ്ഠവും പ്രിയപ്പെട്ടതുമാണ്. അതുകൊണ്ട് വ്യത്യസ്തമത ങ്ങൾ തമ്മിലുള്ള താരതമ്യം എല്ലാവർക്കും അപ്രിയവും അപ്രായോഗികവുമായി തോന്നുന്നു. ഹിന്ദു ക്കൾക്കും നിരവധി മതങ്ങളുണ്ട്. എന്നാൽ "ഹിന്ദു" എന്ന പേരിൽ ഒരു മതമില്ല.

ഉപാസനാപദ്ധതി ഓരോ മതത്തിന്റെയും ഒഴിച്ചുകൂടാനാവാകാത്ത ഭാഗമാണ്. പക്ഷെ, അതോടൊപ്പം തന്നെ മതത്തിന്റെ സ്ഥാപന സമയത്ത് അതിന്റെ ജന്മസ്ഥാനത്ത് പ്രകടമായിരുന്ന പരിസ്ഥിതികളുടെ പശ്ചാത്തലത്തിൽ സമൂഹത്തിലെ ജീവന്റെ കാഴ്ചപ്പാടിൽ നിന്ന് ഉചിതമായ സാമൂഹിക നിയമങ്ങളും അതേപോലെ സാമൂഹികതത്ത്വജ്ഞാനവും നൽകുക മതസ്ഥാപകന് നൽകേണ്ടതായിവരുന്നു. നിയമവും തത്ത്വജ്ഞാനവും സ്ഥല-കാല-പരിസ്ഥിതിക്കനുസരിച്ചുണ്ടാകുന്നു. പരിസ്ഥിതികൾക്ക് പരിവർത്തനമു ണ്ടാകുന്നതിനനുസരിച്ച് ഇതിനും മാറ്റം വരുത്തേണ്ടി വരുന്നു. ഇതിനാൽ സാമൂഹിക നിയമങ്ങളും അതേ പോലെ തത്വജ്ഞാനവും സർവകാലികമോ സാർവദേശീയമോ ആകാൻ കഴിയില്ല. ഉപാസനാപദ്ധതി മാത്രം സാർവകാലികവും സാർവദേശീയവുമാക്കുവാൻ കഴിയും.

എന്നാൽ ഇതിനെല്ലാം മേലെയും, വിശാലമായതും, കറ തീർന്ന സങ്കല്പവും സംസ്കാരത്തിന്റേതു തന്നെയാണ്. രാഷ്ട്രം അഥവാ നേഷന്റെ പ്രാണൻ സംസ്കാരം തന്നെയാണ്. സംസ്കൃതിയുടെ ഭാവ ത്തിൽ നേഷണലിസത്തിനോ ദേശീയതയ്ക്കോ യൂറോപ്യൻ പണ്ഡിതന്മാർ നൽകിയ മറ്റെല്ലാ ഘടകങ്ങ ളുമുണ്ടെങ്കിലും അത് നേഷൻ അഥവാ രാഷ്ട്രമാകുന്നില്ല. ഗ്രീസ്, റോം, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങൾ അസ്തമിച്ചുവെങ്കിൽ അതിനർത്ഥം അവിടെ അധിവസിച്ചിരുന്നവരെല്ലാം ഇല്ലാതായി എന്നല്ല. ഇവിടെ അധിവസിച്ചിരുന്നവരെല്ലാം ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. പക്ഷെ അവരുടെ സംസ്കാരം നഷ്ടമായി. ഇക്കാരണത്താലാണ് ആ രാഷ്ട്രങ്ങൾ നാമാവശേഷമായി എന്ന് പറയപ്പെടുന്നത്.

സംസ്കാരം എപ്പോഴും ഒന്നായി തന്നെ നിൽക്കുന്നു. അതിന് ഒരിക്കലും കൂടികലരുവാൻ സാധ്യമല്ല. ശുദ്ധതയാണ് സംസ്കാരത്തിന്റെ സ്വഭാവം. അതിനൊരിക്കലും സങ്കരമാകാൻ കഴിയില്ല; ഒരു സമൂഹ ത്തിനോ രാഷ്ട്രത്തിനോ ലോകത്തിൽ ദ്വീപു (Island) പോലെ ഒറ്റപ്പെട്ട് നിലനിൽക്കുക സാധ്യമല്ലെന്നത് ശരി തന്നെ. വ്യത്യസ്ത കാരണങ്ങളാൽ ഓരോ സമൂഹത്തിനോ അല്ലെങ്കിൽ രാഷ്ട്രത്തിനോ മറ്റു സമൂഹ മായോ രാഷ്ട്രമായോ സമ്പർക്കം ചെയ്യേണ്ടി വരുന്നു. ഈ സമ്പർക്കത്തിന്റെ ഫലമായി ഇരുകൂട്ടരുടെയും പ്രഭാവം മറ്റുള്ളവരിലുണ്ടാകുന്നു. ഇതിനെ സംസ്കൃതി സമാഗമം (Cultural Intercourse) എന്ന് പറയപ്പെടു ന്നു. ഒരു സംസ്കാരവും ഇത്തരം സമാഗമത്തിൽ നിന്നോ സ്പർശത്തിൽ നിന്നോ മുക്തരല്ല. എന്നാൽ ഈ സമാഗമത്തിന്റെ പരിണാമങ്ങളെ തങ്ങളുടെ മൂലപ്രകൃതിയിൽ സ്വാംശീകരിച്ച് ഒരൊറ്റ സമൂഹസം സ്കൃതി ഗംഗാപ്രവാഹം പോലെ മുന്നോട്ടൊഴുകുന്നു. ഗംഗാ സദാ ഒഴുകിക്കൊണ്ടിരിക്കുന്നു. വഴിയിൽ അതിലേക്ക് പല സ്ഥലങ്ങളിലും ചെറുതും വലുതുമായ നദികളും തോടുകളും വന്നുചേരുന്നു. ഇതിനെ യെല്ലാം സ്വാംശീകരിച്ചുകൊണ്ട് ഒരൊറ്റ ഗംഗയായിത്തന്നെ മുന്നോട്ടൊഴുകുന്നു. ആ പ്രവാഹത്തിന് മിശ്രി തഗംഗയെന്ന പേര് നൽകപ്പെടുന്നില്ല. ഓരോ ഹിന്ദു കുടുംബത്തിലും വിവാഹത്തോടെ അന്യകുടുംബ ത്തിലെ പെൺകുട്ടി വരുന്നു. എന്നാൽ ഇതുകൊണ്ട് ആ കുടുംബത്തെ മിശ്രിതകുടുംബം എന്ന് പറയുന്നി ല്ല. കുടുംബത്തിന്റെ സ്വന്തം തനിമ പഴയ പോലെ സ്ഥായിയായി നിൽക്കുന്നു. നവാഗതയായ പെൺകുട്ടി യുടെ ഗോത്രം, കുലചാരം, കുലധർമ്മം എല്ലാം മാറുകയും അവൾ ഈ കുടുംബത്തിൽ സ്വാംശീകരിക്ക പ്പെടുകയും ചെയ്യുന്നു. അലിഞ്ഞുചേരുന്നു. ഇതുതന്നെയാണ് സംസ്കാരത്തിലും ഉണ്ടാകുന്നത്. സമ്പർക്കത്തിൽ വരുന്ന മറ്റു സംസ്കാരങ്ങളുടെ സ്വീകാര്യയോഗ്യമായ എല്ലാ സവിശേഷതകളെയും പൂർണരൂപത്തിൽ സ്വാംശീകരിക്കുകയും തന്റെ നൈരന്തര്യം മുന്നത്തെപ്പോലെ നിലനിർത്തിക്കൊണ്ട് സംസ്കാരത്തിന്റെ പ്രവാഹം നിരന്തരമായി നിലനിർത്തുകയും ചെയ്യുന്നു. സങ്കരസംസ്ക്കാരത്തിന്റെ കാര്യം പോലെ സാംസ്കാരിക സമാഗമവും ആദരയോഗ്യമല്ലാത്തതും തന്നെ അയഥാർത്ഥവുമാണ്. സംസ്കൃതിയുടെ പരിധിയോ അതേപോലെ മതത്തിന്റെ പരിധിയോ അനിവാര്യമായും ഒരേപോലെയാ

കേണ്ട ആവശ്യമില്ല. ഒരേ മതത്തിൽ വ്യത്യസ്ത സംസ്കാരമുള്ളവർ ജീവിക്കുന്നപോലെത്തന്നെ ഒരേ സംസ്കാരത്തിന്റെ പരിധിയിൽ വ്യത്യസ്ത മതങ്ങൾക്കും ജീവിക്കാം. മതവും സംസ്കാരവും പരസ്പരം സമ്പർക്കത്തിൽ വരുമ്പോൾ ഒന്ന് മറ്റൊന്നിനെ പ്രഭാവിതമാക്കുന്നു. പരസ്പരം അതിന്റെ പ്രവൃത്തിയും പ്രതികരണങ്ങളും നടക്കുന്നു. എന്നാൽ രണ്ടിന്റെയും തനിമയും പരിധിയും വെവ്വേറെ നിലനിർത്തുകയും ചെയ്യുന്നു.

യൂറോപ്യന്മാരായ സാമൂഹ്യശാസ്ത്രജ്ഞർക്ക് രാഷ്ട്രത്തിന്റെ നിർമാണത്തിനായി പറയപ്പെട്ട എല്ലാ അവശ്യഘടകങ്ങളും മതത്തിലും അന്തർഭവിച്ചിരിക്കുന്നു. ഈ തത്ത്വങ്ങളെല്ലാം ദേശീയത അഥവാ നേഷൻഹുഡി (Nationhood) ന്റെ നിർമാണത്തിനും ബാധകം ആകുന്നു. ഏതെങ്കിലും രാഷ്ട്രത്തിന്റെ നിർമാണത്തിന് പ്രയോജനകരമായ ഘടകങ്ങളെല്ലാം എത്രത്തോളം അധികമാകുന്നുവോ അത്രതന്നെ ദേശീയത അഥവാ നേഷൻഹുഡിന്റെ ഘനത്ത്വവും കൂടുന്നു. എന്നാൽ, ആ തത്വങ്ങളൊന്നും തന്നെ സംസ്കാരത്തിന്റെയത്രയും അനിവാര്യമല്ല.